**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225** — **23-08-2022 - ൽ മറുപടിയ്ക്ക്**

**ഹീമോഫീലിയ രോഗബാധിതർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഹീമോഫീലിയ രോഗബാധിതരായ പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്കും മുതിർന്നവർക്കും ചികിത്സ ലഭ്യമാക്കുന്നതിനായി പ്രത്യേകമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഹീമോഫീലിയ രോഗബാധിതരായ പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം നടപ്പിലാക്കുന്ന ആശാധാര പദ്ധതിയിൽ ഉൾപ്പെടുത്തി FACTOR VIII- 250 IU (WITH VON WILLIBRAND FACTOR) INJ. എന്ന മരുന്ന് കാരുണ്യ കമ്മ്യൂണിറ്റി മരുന്ന് സംഭരണ - വിതരണ വിഭാഗം വഴി വാങ്ങി സംസ്ഥാനത്തെ വിവിധ ഹീമോഫീലിയ ഡേ കെയർ സെന്ററുകളിലേക്ക് വിതരണം ചെയ്തിട്ടുണ്ട്. ഏതൊരു ഹീമോഫീലിയ രോഗിക്കും രക്ത സ്രാവം ഉണ്ടാകുന്ന മുറക്ക് സർക്കാർ ആശുപത്രിയിൽ എത്തി ഡോക്ടറുടെ പരിശോധനയിൽ രക്ത സ്രാവം ഉണ്ട് എന്നു കണ്ടെത്തുന്ന മുറക്ക് ആളിന്റെ ശരീര ഭാരം, രക്ത സ്രാവത്തിന്റെ സ്വഭാവം എന്നിവ പരിഗണിച്ച് അംഗീകരിച്ചിട്ടുള്ള ഡോസ് അനുസരിച്ചുള്ള മരുന്ന് സർക്കാർ ആശുപത്രിയിൽ നിന്നു തന്നെ കുത്തിവച്ചു നൽകുന്നതാണ്. കൂടാതെ രോഗത്തിന്റെ സ്വഭാവത്തിന്റെയും മറ്റ് പരിശോധനകളുടെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട രോഗികൾക്ക് പ്രൊഫൈലാക്സിസ് ചികിത്സ നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഹീമോഫീലിയ രോഗികളുടെ എണ്ണം സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് ഓരോ രോഗികളുടെയും അവസ്ഥ കണക്കിലെടുത്ത് റീപ്ലേസ്മെന്റ് തെറാപ്പി ലഭ്യമാക്കുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ഓരോ രോഗികളുടെയും അവസ്ഥ കണക്കിലെടുത്ത് റീപ്ലേസ്മെന്റ് തെറാപ്പി ലഭ്യമാക്കുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. |
| (സി) | ഹീമോഫീലിയ രോഗത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് | (സി) | താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജുകൾ തുടങ്ങിയ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ളതെന്ന് വിശദാമാക്കുമോ? | | തിരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രധാന സർക്കാർ ആശുപത്രികളിലും ദേശീയ ആരോഗ്യ ദൗത്യം നടപ്പിലാക്കുന്ന ആശാധാര പദ്ധതിയിൽ ഉൾപ്പെടുത്തി ഹീമോഫീലിയ രോഗത്തിനുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.<br><br>കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ ചുവടെ ചേർത്തിട്ടുള്ള 5 ഇനം മരുന്നുകൾ ഹീമോഫീലിയ രോഗത്തിനായി സംഭരിച്ച് നല്കിയിട്ടുണ്ട്.<br><br>(1) ANTI HAEMOPHILIC FACTOR VIII with VON WILLIBRAND FACTOR 250 IU (contains Factor VIII 250 IU along with minimum 50% of VWF)<br><br>(2) HUMAN ANTI HAEMOPHILLIC FACTOR VIII 250 IU<br><br>(3) HUMAN ANTI HAEMOPHILLIC FACTOR IX 600 IU<br><br>(4) FACTOR VIII INHIBITOR BYPASSING AGENT (FEIBA) 500 U<br><br>(5) ANTI HAEMOPHILIC FACTOR VII 1 mg (50,000 IU)<br><br>ഇതിൽ ദർഘാസിലൂടെ വിതരണക്കാരെ ലഭിക്കാത്ത അവസാന 2 ഇനങ്ങൾ (ക്രമ നം. 4, 5 എന്നിവ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംഭരിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ